LIBRARY ARCHIVES Kerala Legislative Assembly

ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജിന്റെ പുനരുദ്ധാരണം

156(856) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി ദയം മറുപടി നൽകുമോ:

(എ) കാലവർഷക്കാലം നേരിടുന്ന ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജിന്റെ പുനരുദ്ധാരണം എന്ന് തുടങ്ങാനാകുമെന്ന് അറിയിക്കാമോ;

(ബി) ഉപ്പുവെള്ളം കയറി പ്രദേശത്തെ കൃഷി നശിക്കുന്നതിനാൽ ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജ് പുനരുദ്ധരിക്കുമെന്ന നിലപാട് കൈക്കൊണ്ട ശേഷം ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) പദ്ധതിക്കായുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ അടങ്കൽ തുക എത്രയായാണ് കണക്കാക്കിയിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിക്കായുള്ള എസ്റ്റിമേറ്റ് പുതുക്കിയ നിരക്കിൽ PRICE SOFTWARE ഉപയോഗിച്ച് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(ബി&സി) ഈ പദ്ധതിക്ക് 13-ാം ധനകാര്യ കമ്മിഷനിൽ 160 ലക്ഷം രൂപയ്ക്ക് അംഗികാരം നൽകിയെങ്കിലും പ്രസ്തുത പദ്ധതി കാഞ്ഞങ്ങാട് കാസർഗോഡ് കെ.എസ്.ടി.പി. റോഡിന്റെ ഭാഗമായതിനാൽ പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകാനുള്ള കാലതാമസംമൂലം പദ്ധതി തുടങ്ങാൻ സാധിച്ചില്ല. എന്നാൽ ടി പദ്ധതി തുടങ്ങാൻ തടസ്സമില്ലെന്ന് കെ.എസ്.ടി.പി. അധികൃതർ അറിയിച്ചതിനെ തുടർന്ന് 2012 നിരക്കിൽ 283 ലക്ഷം (ഇരുന്നൂറ്റി എൺപത്തി മൂന്ന് ലക്ഷം) രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ഐ&ഇ) PRICE SOFTWARE-ൽ തയ്യാറാക്കി വരുന്നു.

കട്ടനാട് പാക്കേജ്

157(857) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി ദയം മറുപടി നൽകുമോ:

(എ) കട്ടനാട് പാക്കേജിന് എന്നാണ് അനുമതി ലഭിച്ചത്; ഈ പദ്ധതിക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയായിരുന്നു; കേന്ദ്ര സർക്കാരിൽ നിന്നും എത്രയുക ലഭിച്ചു; സംസ്ഥാന വിഹിതമായി എത്രയുക ലഭിച്ചു; നാളിതുവരെ എത്രയുക ചെലവഴിച്ചു.;

(ബി) കട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിനുള്ള സമയപരിധി എന്നുവരെയായിരുന്നു; സമയപരിധി നീട്ടി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രവൃത്തികൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) കട്ടനാട് പാക്കേജിൽ ജലവിഭവ വകുപ്പ് ഏറ്റെടുത്ത് ചെയ്യുന്ന പദ്ധതികൾ ഏവ; എന്ത് തുകയുടെ പദ്ധതിയാണ് ജലവിഭവ വകുപ്പ് ഏറ്റെടുത്ത് തയ്യാറാക്കിയിട്ടുള്ളത്; അതിൽ ലഭ്യമായ തുക എത്ര; ചെലവഴിച്ച തുക എത്ര വിശദമാക്കാമോ;

(ഇ) പാക്കേജിൻ പ്രകാരമുള്ള പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ്; വിശദമാക്കാമോ;

(എഫ്) കായൽ പാടശേഖരങ്ങളിൽ സ്ഥാപിച്ച പൈൽ ആന്റ് സ്ലാബ് സംവിധാനം തകർന്നടിഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൈൽ ആന്റ് സ്ലാബ് സ്ഥാപിക്കുന്നതിലെ അശാസ്ത്രീയതയും അഴിമതിയും വളരെ മുമ്പുതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടും സർക്കാർ നടപടി സ്വീകരിച്ചില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉദ്യോഗസ്ഥരുടെ അനാസ്ഥയേയും അഴിമതിയേയും കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ;

(ജി) കരാറുകാർക്ക് ബിൽ തയ്യാറാക്കി കമ്മീഷൻ പറ്റുന്ന രീതിയാണ് ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥർ നടത്തി വരുന്നതെന്ന ആക്ഷേപം പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കട്ടനാട് പാക്കേജിന് 2008-ൽ കേന്ദ്രസർക്കാർ തത്വത്തിൽ അംഗീകാരം നൽകി. 75% കേന്ദ്ര വിഹിതവും 25% സംസ്ഥാന വിഹിതവുമായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. നാളിതുവരെ ഈ പദ്ധതിക്ക് ലഭിച്ച കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും അതിന്റെ ചെലവുകണക്കുകളും ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

	ലഭിച്ചത് ലക്ഷത്തിൽ		ചെലവ് ലക്ഷത്തിൽ	
വർഷം	കേന്ദ്ര വിഹിതം	സംസ്ഥാന വിഹിതം	കേന്ദ്ര വിഹിതം	സംസ്ഥാന വിഹിതം
2010-11	2242.5	747.50	549.97	183.32
2011-12	ലഭിച്ചിട്ടില്ല	197.55	1617.9	736.85
2012-13	4125	4174.02	208.71	1294.51
2013-14	ലഭിച്ചിട്ടില്ല	2513.74	1878.35	4650.68
2014-15	5522.06	5622.34	1722.38	5381.25
2015-16	ലഭിച്ചിട്ടില്ല	11995.32	...	11995.32

(ബി)

പദ്ധതി	പൂർത്തീകരിക്കുന്നതിനുള്ള കാലാവധി	നീട്ടിക്കിട്ടിയ തീയതി
കെ.ഇ.എൽ -1	31-3-2012	31-3-2015
കെ.ഇ.എൽ -2	31-3-2012	31-3-2015
കെ.ഇ.എൽ -3	31-3-2012	31-12-2016
കെ.ഇ.എൽ -4	31-3-2012	31-12-2016

(സി) ഇല്ല. നീട്ടിക്കിട്ടിയ സമയപരിധിക്കുള്ളിൽ ചില പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞു. കാലതാമസത്തിനുള്ള കാരണങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഇല്ല.

(എഫ്) കായൽ പാടശേഖരങ്ങളിൽ സ്ഥാപിച്ച പൈൽ ആന്റ് സ്ലാബ് സംവിധാനം ചരിയുകയും വിള്ളലുകൾ വീഴുകയും സി.ഡി. ബ്ലോക്കിൽ താഴ്ച ഉണ്ടായതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിനായി ധനകാര്യ പരിശോധനാ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഈ വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് ഒരു മാസത്തിനകം സമർപ്പിക്കാൻ ഇറിഗേഷൻ വിജിലൻസ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

* ഫെബ്രുവരിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly